# ACADEMIC MASTER PLAN

## ST.LAWRENCE L.P & U.P SCHOOL, EDAKOCHI

## 2025-2026



# ACADEMIC MASTER PLAN 2025 - 2026

പൊതുവിദ്യാഭ്യാസത്തിന്റെ ഭാഗമായി ഗുണമേന്മയുള്ള വിദ്യാഭ്യാസം സഫലമാക്കുക എന്ന ലക്ഷ്യത്തോടെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും മികവുറ്റതാക്കുകയാണ്. ഓരോ വർഷവും അക്കാദമിക ഭൗതിക സാഹചര്യങ്ങളിൽ ഓരോ സ്ഥാപനവും ഉന്നതിയിലേക്ക് കുതിച്ചുകൊണ്ടിരിക്കുന്നു.

ഏറ്റവും ഉയർന്ന തലത്തിലേക്ക് മുഴുവൻ കുട്ടികളെയും എത്തിക്കുക എന്നതാണ് പരമമായ ലക്ഷ്യം. അതിനു വേണ്ടിയുള്ള സമഗ്രാസൂത്രണമാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

സ്കൂളിന്റെ ഭൗതികപുരോഗതിയെ ലക്ഷ്യം വച്ചും ഇസ്തല പ്രവർത്തനങ്ങളുടെ സമഗ്രത ലക്ഷ്യമാക്കിയും വിഷയാടിസ്ഥാനത്തിലും അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കേണ്ടതുണ്ട്. ആകർഷകമായ വിദ്യാലയ അന്തരീക്ഷം വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും ഒരുപോലെ സ്വാധീനിക്കുന്നു.

## കാഴ്ചപ്പാടുകൾ

* സമഗ്രമായ വളർച്ചയ്ക്ക് ഊന്നൽ നൽകുന്നത്:-

ഗുണമേന്മയുള്ള സമഗ്രമായതും മൂല്യാധിഷ്ഠിതവുമായ വിദ്യാഭ്യാസം നൽകുന്നതിലൂടെ ബുദ്ധിശക്തിയും സാംസ്കാരികബോധവുമുള്ള സമൂഹത്തിന് പ്രയോജനകരമായ പൗരന്മാരെ രൂപപ്പെടുത്തുന്ന മാതൃകാപരമായ വിദ്യാഭ്യാസ സ്ഥാപനമാക്കി മാറ്റുക.

* നവോത്ഥാന ഭാവിയിലേക്കുള്ള കാഴ്ചപ്പാട്:-

പുതുമ, സാങ്കേതിക പരിജ്ഞാനം, ധാർമികത എന്നിവ അടിസ്ഥാനമിട്ട് വിദ്യാർത്ഥികളെ ഭാവിയിലെ വെല്ലുവിളികൾക്ക് തയ്യാറാക്കുകയും സമൂഹത്തിലെ മാറ്റത്തിന് നേതൃത്വം നൽകുന്നവരാക്കി വളർത്തുക.

* മൂല്യങ്ങളും ഭാരതീയതയും അടിത്തറയാക്കിയ കാഴ്ചപ്പാട്:-

ഭാരതീയ ജനതയുടെ സാംസ്കാരിക മൂല്യങ്ങളെ ആസ്പദമാക്കി അധ്യയനവും ആത്മീയ ഉണർവുമുള്ള വിദ്യാഭ്യാസം നൽകുന്നതിലൂടെ അറിവിലും മൂല്യത്തിലും സമന്വയമായ പൗരന്മാരെ നയിക്കുക.

## പൊതുലക്ഷ്യങ്ങൾ

* ക്ലാസ്സിൽ പഠിപ്പിക്കുന്ന കാര്യങ്ങൾ കഴിയുന്നതും അന്ന് തന്നെ സ്കൂളിൽ വച്ചുതന്നെ പഠിപ്പിക്കുക.
* അക്ഷരങ്ങൾ, ചിഹ്നങ്ങൾ, അക്കങ്ങൾ തിരിച്ചറിയൽ, സങ്കലനം, വ്യവകലനം, ഗുണനം, ഹരണം എന്നിവ ഉറപ്പാക്കാൻ ധാരാളം പ്രവർത്തനങ്ങൾ നൽകുക
* പുസ്തകങ്ങളും നോട്ട്ബുക്കുകളും വൃത്തിയായും ഭംഗിയായും സൂക്ഷിക്കുവാൻ പരിശീലിപ്പിക്കുക.
* വായനയ്ക്ക് കൂടുതൽ പ്രാധാന്യം നൽകുക.
* പഠനത്തോടൊപ്പം കലാകായിക പ്രവൃത്തിപരിചയം ഉറപ്പാക്കുക.
* കുട്ടികൾക്ക് പഠനത്തോടൊപ്പം വ്യത്യസ്തമായ ബോധന രീതികൾ, ICT ഉപയോഗിച്ച് പഠനം, പഠനോപകരണങ്ങൾ എന്നിവ നൽകുക.
* വൃത്തിയുള്ളതും ഭംഗിയുള്ളതുമായ വിദ്യാലയ അന്തരീക്ഷം ഉറപ്പാക്കുക.
* പൂന്തോട്ടനിർമാണം, പച്ചക്കറിത്തോട്ടം എന്നിവയ്ക്ക് പ്രാധാന്യം നൽകുക.
* പഠനപ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്ന എന്ന കാര്യത്തിൽ രക്ഷിതാക്കൾ സംതൃപ്തരായിരിക്കാൻ ശ്രമിക്കുക.

# അക്കാദമിക പ്രവർത്തനങ്ങൾ

* ബോധനരീതികൾക്ക് ആധുനിക സൗകര്യങ്ങൾ ഫലപ്രദമായി പ്രയോജനപ്പെടുത്താൻ Smart class room ഉപയോഗപ്പെടുത്താം.

* ഓരോ പാഠഭാഗവുമായും ബന്ധമുള്ള കാര്യങ്ങൾക്ക് ICT സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താം.

* പഠിപ്പിക്കുന്ന കാര്യങ്ങൾ കുട്ടികളിൽ എത്തുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുന്നതിനായി ആഴ്ചയിലൊരിക്കൽ ക്ലാസ് ടെസ്റ്റ് നടത്തുക. ഗൃഹപാഠം നൽകുകയും അവ ചെയ്തിട്ടുണ്ടോ എന്ന് രക്ഷിതാക്കളോടും ശ്രദ്ധ ചെലുത്താൻ ആവശ്യപ്പെടുക.

* കലാ കായിക കഴിവുകൾ വികസിപ്പിക്കുന്നതിനും വളർത്തുന്നതിനും ആവശ്യമായ പ്രത്യേകപരിശീലനം നൽകുക.

* ഇംഗ്ലീഷ് വിദ്യാഭ്യാസം കാര്യക്ഷമമാക്കുന്നതിനായി Spoken English class ഏർപ്പാടു ചെയ്യുക.

* ചാരിറ്റി പ്രവർത്തനങ്ങൾ നടത്തുന്നതിൽ കുട്ടികളെയും പങ്കാളികളാക്കി അവരിൽ സാമൂഹ്യ ബോധം കൂടി വളർത്തുക.

മേഖല : അക്കാദമികം   ഉപമേഖല : ഭാഷ - മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ശുദ്ധമായ മാതൃഭാഷയിൽ സംസാരിക്കാനും മനസ്സിലെ ആശയങ്ങൾ തെറ്റുകൂടാതെ എഴുതാനുമുള്ള കഴിവ് വികസിപ്പിക്കുക | പ്രീ-ടെസ്റ്റ് നടത്തി കുട്ടികളുടെ പഠനനിലവാരം കണ്ടെത്തുന്നു. പരിമിതികൾ വിശകലനം ചെയ്യുന്നു. | ജൂൺ - ആദ്യവാരം<br>ജൂൺ - ജൂലൈ മാസങ്ങൾ | SRG<br>മലയാളം ടീച്ചർ<br>ക്ലാസ് ടീച്ചർ | School grant |
| വായനാ പരിപോഷണം | പുസ്തകശേഖരണവും പ്രദർശനവും. പത്രവായന, പഴഞ്ചൊല്ല് ശൈലികൾ വിവിധ സാഹിത്യരൂപങ്ങൾ പരിചയപ്പെടുത്തുന്നു. | ഓഗസ്റ്റ് - സെപ്തംബർ | മലയാളം ടീച്ചർ | School grant |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | സാമ്പത്തികം |
|---|---|---|---|
| സാഹിത്യ കൃതികളോടും സാഹിത്യകാരന്മാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക. | വാർത്താവായന<br>നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ വായിപ്പിക്കുന്നു. അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി ക്വിസ് നടത്തുന്നു. | ഒക്ടോബർ-ഡിസംബർ | ടീച്ചർ ഗ്രാന്റ് |
| | തുടർപ്രവർത്തനങ്ങൾ കഥാരചന കവിതാരചന ഡയറിക്കുറിപ്പ് വിവരണം സംഭാഷണം ജീവചരിത്രക്കുറിപ്പ് തുടങ്ങിയ തുടർച്ചയായി ചെയ്യുന്നു. | ഡിസംബർ-മാർച്ച് | ടീച്ചർ ഗ്രാന്റ് |

മേഖല : അക്കാദമികം

ഉപമേഖല - ഭാഷ : ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ നന്നായി എഴുതാനും വായിക്കാനും സംസാരിക്കാനുമുള്ള കഴിവ് | ഇംഗ്ലീഷ് കഥകൾ വായിക്കുക<br>ഇംഗ്ലീഷ് കഥകൾ, സംഭാഷണങ്ങൾ എന്നിവ പൂർത്തിയാക്കൽ<br>ഇംഗ്ലീഷ് അസംബ്ലി സംഘടിപ്പിക്കൽ. | ജൂൺ ജൂലൈ - | ക്ലാസ് ടീച്ചർ | School grant |
| | Spoken English കോച്ചിംഗ് ഒരുക്കി കൊടുക്കൽ.<br>ഗ്രാമർ വ്യക്തമായി കുട്ടികളിലേക്ക് എത്തിക്കുന്നു. | ഒക്ടോബർ വരെ | ഇംഗ്ലീഷ് അധ്യാപകർ | |
| | വാക്കുകളുടെ അർത്ഥം ഡിക്ഷണറി നോക്കി കണ്ടെത്തൽ | നവംബർ - മാർച്ച് | | |

മേഖല : അക്കാദമികം    ഉപമേഖല : ഭാഷ - ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഹിന്ദി ഭാഷ നല്ല രൂപമായി എഴുതാനും വായിക്കാനും സംസാരിക്കാനുമുള്ള കഴിവ് | അക്ഷരങ്ങൾ പരിചയപ്പെടുത്തൽ പുതിയ പദങ്ങൾ, അക്ഷരമാല ചാർട്ട് എന്നിവ ICT വഴിയും | ജൂൺ - ആഗസ്റ്റ് | ഹിന്ദി ടീച്ചർ | Teacher grant |
| | ഹിന്ദിയിൽ അസംബ്ലി നടത്തുന്നു | സെപ്റ്റംബർ | ഹിന്ദി ടീച്ചർ | |
| | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിക്കുന്നു. | ഒക്ടോബർ<br>ഡിസംബർ | | |
| | ഹിന്ദി മാത്രം ദിനവാരം ക്ലാസുകളിൽ ഉപയോഗിക്കും. | | പ്രധാന-അധ്യാപകൻ ഹിന്ദി ടീച്ചറും | School grant |
| | ഹിന്ദി വാക്കുകളുടെ അർത്ഥം കണ്ടെത്തൽ, സംഭാഷണം പൂർത്തിയാക്കൽ, ഗ്രൂപ്പ്സ് | ജനുവരി- മാർച്ച് | | |

മേഖലം - അക്കാദമികം

ഉപമേഖല : പരിസരപഠനം, ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രപഠനം ലളിതവും രസകരവും നിരീക്ഷണം അറിവുനിർമ്മാണം | പോസ്റ്റർ രചനാമത്സരം നടത്തുന്നു ഔഷധസസ്യങ്ങൾ, ചെറുധാന്യങ്ങൾ എന്നിവയെ പരിചയപ്പെടുത്തുന്നു. | ജൂൺ - ജൂലൈ | സയൻസ് അധ്യാപകർ | School grant |
| ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രങ്ങളെ തിരിച്ചറിയൽ | ജീവിതശൈലീരോഗങ്ങൾ, കാരണങ്ങൾ എന്നിവ കണ്ടെത്തുന്നു. ജലം, ചെടികളുടെ വിവിധഭാഗങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു. | ആഗസ്റ്റ് - ഒക്ടോബർ | ക്ലാസ് ടീച്ചർ | |
| | ലീനം, ലായകം, ലായനി എന്നിവ വേർതിരിച്ചറിയുന്നു. | നവംബർ - ഡിസംബർ | | School grant |
| ശാസ്ത്രമേഖലത്തെ നൂതന ആശയങ്ങൾ സാങ്കേതികവിദ്യകൾ പരീക്ഷണങ്ങൾ നടത്തൽ | ആഹാരശൃംഖല, ദഹനവ്യവസ്ഥ പ്രത്യുൽപാദനം, പ്രജനനരീതികൾ എന്നിവ പരിചയപ്പെടുത്തുന്നു നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി പരീക്ഷണങ്ങൾ നടത്തുന്നു. | ജനുവരി മാർച്ച് | സയൻസ് അധ്യാപകർ | |

മേഖല - അക്കാദമികം                                        ഉപമേഖല : സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ പരിപോഷിപ്പിക്കൽ | അന്താരാഷ്ട്രതലം മുതൽ ജില്ലാതലം വരെയുള്ള നദികൾ ഭൂപ്രകൃതി തലങ്ങൾ എന്നിവയെ പരിചയപ്പെടുത്തുന്നു | ജൂൺ - സെപ്തംബർ | ക്ലാസ് ടീച്ചർ | School grant |
| ചരിത്രാവബോധം ഉളവാക്കിയെടുക്കൽ | ലോകചരിത്രം, ഇന്ത്യൻ ചരിത്രം കേരള ചരിത്രം എന്നിവയെക്കുറിച്ച് അവബോധം. | ഒക്ടോബർ - ഡിസംബർ | | |
| പ്രകൃതിദുരന്തങ്ങൾ പരിചയപ്പെടുത്തുക. | ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവയുടെ ചിത്രങ്ങളുടെ slide പ്രദർശനം. | ജനുവരി | സാമൂഹ്യ-ശാസ്ത്ര അധ്യാപിക | School grant |
| വൻകരകൾ, സമുദ്രങ്ങൾ, പ്രപഞ്ചം, ഗ്രഹങ്ങൾ, ഉപഗ്രഹങ്ങൾ, ഭൂപടം നിർമിതികൾ തിരിച്ചറിയൽ. | പ്രപഞ്ചത്തെക്കുറിച്ച് ICT പ്രദർശനം. ഗ്രഹങ്ങളെ പരിചയപ്പെടുത്തുന്നു. ഭൂപടം നിർമിക്കാനും മനസ്സിലാക്കാനും പ്രാപ്തരാക്കുന്നു. | ഫെബ്രുവരി മാർച്ച് | | |

മേഖല : അക്കാദമികം

ഉപമേഖല : ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ചതുഷ്ക്രിയകൾ ഉറപ്പിക്കുക | സംഖ്യാപാറ്റേൺ നിർമ്മിക്കൽ ഗുണനപട്ടിക ഹൃദ്യസ്ഥമാക്കൽ കളികളിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. | ജൂൺ- ആഗസ്റ്റ്<br>സെപ്റ്റംബർ<br>ഡിസംബർ | ക്ലാസ് ടീച്ചർ | School grant |
| ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർധിപ്പിക്കൽ<br>ഗണിതത്തിൽ പി- ന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു.<br>നിത്യജീവിതത്തിലെ ഗണിതപ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താനുള്ള കഴിവ്. | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ജനുവരി - മാർച്ച് | ഗണിതാധ്യാപിക | School grant |

## ഹ്രസ്വകാല / ദീർഘകാല പ്രവർത്തനങ്ങൾ

* വിദ്യാലയത്തിന്റെ ഭൗതിക സാഹചര്യങ്ങളുടെ സമഗ്രമായ മാറ്റം, അറ്റകുറ്റപണികൾ, നവീകരണം, വിദ്യാലയം ആകർഷകമാക്കൽ തുടങ്ങിയ കാര്യങ്ങൾ പ്രാവർത്തികമാക്കാൻ ശ്രമിക്കുന്നു

* മനോഹരമായ പൂന്തോട്ടവും പച്ചക്കറിതോട്ടവും നിർമ്മിക്കുവാനും തീരുമാനിച്ചു

* തൊഴിലുറപ്പു തൊഴിലാളികളുടെ സഹായത്തോടുകൂടി പരിസരം വൃത്തിയാക്കി.

* ബെഞ്ച്, ഡസ്ക് എന്നിവ മാനേജ്മെന്റിന്റെ സഹായത്തോടുകൂടിയും ലോക്കൽ കമ്മിറ്റികളുടെ സഹായത്തോടുകൂടിയും ഉൾപ്പെടുത്താൻ ശ്രമിച്ചു.

* സ്കൂൾ അങ്കണത്തിലെ വെള്ളക്കെട്ടിനുള്ള പരിഹാരം കണ്ടെത്താൻ ശ്രമിക്കുന്നു.

* വിദ്യാർത്ഥികൾക്ക് കളിയുപകരണങ്ങളോടുകൂടിയ ഒരു ഗ്രൗണ്ട് ലക്ഷ്യം വയ്ക്കുന്നു.

# പ്രവർത്തന കലണ്ടർ

**ജൂൺ :-**

* പ്രവേശനോത്സവം
* SRG യോഗം , ടൈം ടേബിൾ
* പരിസ്ഥിതി ദിനാചരണം
* ക്ലാസ് പി.ടി.എ , സ്റ്റാഫ് മീറ്റിംഗ്
* വായനാദിനം
* അന്താരാഷ്ട്ര യോഗദിനം
* ലഹരിവിരുദ്ധ ദിനം

**ജൂലൈ :-**

* ബഷീർ ദിനം
* ഖോല ദിനം
* SRG യോഗം
* PTA പൊതുയോഗം
* ചാന്ദ്രദിനം
* ക്ലബ്ബ് രൂപീകരണം , ഉദ്ഘാടനം

**ആഗസ്റ്റ് :-**

* ഹിരോഷിമ ദിനം
* SRG യോഗം
* കലാ കായിക പ്രവൃത്തിപരിചയമേള ക്ലാസ്തലം

* സ്വാതന്ത്ര്യദിനാഘോഷം
* ദേശീയ കായിക ദിനം

സെപ്തംബർ :-

* ഓണാഘോഷ പരിപാടികൾ
* അധ്യാപക ദിനാഘോഷം
* SRG യോഗം
* റിപ്പോർട്ട് കാർഡ് സൈനിംഗ്
* ഓസോൺ ദിനം

ഒക്ടോബർ :-

* ഗാന്ധിജയന്തി ദിനാഘോഷം, സേവനവാരം
* ഉപജില്ല മേള ഒരുക്കങ്ങൾ
* ആർട്സ് ആൻഡ് സ്പോർട്സ് മത്സരങ്ങൾ
* ലോകഭക്ഷ്യ ദിനം, SRG യോഗം

* നവംബർ :-

* കേരളപ്പിറവി, മലയാളദിന ക്വിസ് മത്സരം
* SRG യോഗം
* ശിശുദിനാഘോഷം
* ക്ലബ്ബ് തല പ്രവർത്തനങ്ങൾ

ഡിസംബർ:-

* ലോക മനുഷ്യാവകാശ ദിനം
* SRG യോഗം
* സ്കൂൾ ഫീൽഡ് ട്രിപ്പ്
* വാർഷികദിനാഘോഷത്തിന് ഒരുക്കങ്ങൾ
* ക്രിസ്മസ് പരീക്ഷാ ഒരുക്കങ്ങൾ
* ക്രിസ്മസ് ആഘോഷം

ജനുവരി:-

* ക്ലബ് തല പ്രവർത്തനങ്ങൾ
* SRG യോഗം
* റിപ്പബ്ലിക് ദിനം
* രക്തസാക്ഷി ദിനം

ഫെബ്രുവരി:-

* മാതൃഭാഷാ ദിനം
* SRG യോഗം
* സ്കൂൾ വാർഷികയോഗം

മാർച്ച്:- വാർഷികപരീക്ഷ ഒരുക്കങ്ങൾ

* ലോകവനിതാദിനം, SRG യോഗം
* ലോക ജലദിനം, വനദിനം
* വാർഷിക പരീക്ഷ

# ഉപസംഹാരം

അധ്യയന വർഷത്തിന്റെ സമഗ്രവികസനവും, വിദ്യാർത്ഥികളുടെ ബൗദ്ധിക മാനസിക ശാരീരിക സാമൂഹിക വളർച്ചയും ലക്ഷ്യം വച്ച് തയ്യാറാക്കിയതാണ് ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ. പഠന-പാഠ്യേതര പ്രവർത്തനങ്ങൾ മികവിൽ സമന്വയിപ്പിച്ച് ഒരേ പോരായ്മയും ഒഴിവാകുന്ന വിധത്തിൽ അനുയോജ്യമായ പ്രവർത്തനപട്ടികയും പദ്ധതിയും ഈ പ്ലാനിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

അധ്യാപകരുടെയും രക്ഷിതാക്കളുടെയും സഹകരണത്തോടെ, ഓരോ വിദ്യാർത്ഥിയുടെയും കഴിവുകൾ തിരിച്ചറിയുകയും, അവരെ വിവിധ മേഖലകളിൽ സജീവമായി പങ്കെടുപ്പിക്കുകയും ചെയ്യുക എന്നതാണ് പ്രധാനലക്ഷ്യം. വർഷംതോറും ഇതിൽ ആവശ്യമായ മാറ്റങ്ങളും പുതുമകളും വരുത്തുന്നതിലൂടെ കൂടുതൽ ഫലപ്രദവും ബാധകവുമായ വിദ്യാഭ്യാസ പ്രവർത്തനം നടപ്പിലാക്കാൻ ഈ പ്ലാൻ സഹായകമാകും

ഈ മാസ്റ്റർ പ്ലാൻ അടിസ്ഥാനമാക്കി അധ്യാപകരും ഭരണസമിതിയും കൈകോർത്ത് പ്രവർത്തിക്കുമ്പോൾ, വിദ്യാർത്ഥികളുടെ പുരോഗതി ഉറപ്പുവരുത്തുന്നതിൽ ഇതൊരു മാർഗ്ഗദീപമായിരിക്കുമെന്ന് വിശ്വസിക്കുന്നു.